പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3126 | 23.03.2015 ലെ മറുപടിയ്ക്ക്

**തരിശായി കിടക്കുന്ന കൃഷി ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി ഭൂമി തരിശായി കിടക്കുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ; | (എ) 2008- ലെ നെൽവയൽ തണ്ണീർത്തട ആക്റ്റ് അനുസരിച്ച് മറ്റാവശ്യങ്ങൾക്കായി നെൽവയൽ ഉപയോഗിക്കുന്നത് തടയാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തരിശുനിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ (വയനാട് ഒഴികെ) 1550 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 11500/- രൂപ സബ്സിഡി നിരക്കിൽ 178.25 ലക്ഷം രൂപയും, 13-ാം ധനകാര്യകമ്മീഷന്റെ കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 255.802 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000/- രൂപ സബ്സിഡി നിരക്കിൽ 76.738 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. (ആകെ 254.99 ലക്ഷം രൂപ തരിശുനെൽകൃഷി വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്).<br><br>കൃഷിഭൂമി തരിശായി കിടക്കുന്നത് ഒഴിവാക്കി കൃഷിയോഗ്യമാക്കുന്നതിനും കൃഷി നടത്തുന്നതിനുമായി 2014-15 -ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം നടപടി സ്വീകരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതു പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം നല്കി വരുന്നു. ഒരു ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ആകെ 30000 രൂപ ധനസഹായമായി നല്കി വരുന്നു. ഇതിൽ 5000 രൂപ ഭൂമിയുടെ ഉടമസ്ഥനും 25000 രൂപ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകനും ലഭിക്കും. പദ്ധതി പ്രകാരം 500 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 441.582 ഹെക്ടർ തരിശു നിലത്തിൽ ഈ പദ്ധതി പ്രകാരം കൃഷിയിറക്കിക്കഴിഞ്ഞു. ബാക്കി തരിശു ഭൂമിയിൽ കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. |
| (ബി) നിലവിൽ തരിശായി കിടക്കുന്ന ഭൂമികൾ കണ്ടെത്തുവാനും അത് സംബന്ധിച്ച ഒരു ഡാറ്റാ തയ്യാറാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ ആണ് കൃഷി | (ബി) 2008- ലെ നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമപ്രകാരമുള്ള നെൽവയലുകളുടെ ഡാറ്റാ ബാങ്ക് എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും റവന്യൂ വകുപ്പും, കൃഷി വകുപ്പും ചേർന്ന് |

| | |
|---|---|
| വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; | തയ്യാറാക്കിയിട്ടുണ്ട്. കൃഷി ഭവൻ മുഖേനയുള്ള പ്രാദേശികതല വിവരശേഖരണത്തിലൂടെ തരിശുനിലങ്ങളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ട്. |
| **(സ)** തരിശുഭൂമി സംബന്ധിച്ച കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | **(സി)** കേരളത്തിലെ തരിശുനിലങ്ങളുടെ വ്യാപ്തി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 379.32 |
| കൊല്ലം | 5000 |
| പത്തനംതിട്ട | 2460.36 |
| ആലപ്പുഴ | 3652.57 |
| കോട്ടയം | 2315 |
| ഇടുക്കി | 1000 |
| എറണാകുളം | 7600 |
| തൃശ്ശൂർ | 2432 |
| പാലക്കാട് | 1825.122 |
| മലപ്പുറം | 1969.9 |
| കോഴിക്കോട് | 3907 |
| വയനാട് | 833 |
| കണ്ണൂർ | 1103.5 |
| കാസർഗോഡ് | 2209 |
| **ആകെ** | **36686.772** |

| | |
|---|---|
| **(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തരിശുഭൂമി ഏറ്റെടുത്ത് കൃഷി നടത്തി എന്നതിന്റെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ? | **(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശുഭൂമി ഏറ്റെടുത്ത് കൃഷി നടത്തിയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം [illegible] ലഭ്യമാണ്